# Mathrubhumi

# 17 June 2018

# Chellanam  : Heavy rain, Storms



## ചെല്ലാനത്ത് വീണ്ടും കടൽ ക്ഷോഭം; നിരവധി വീടുകൾ വെള്ളത്തിൽ

ചെല്ലാനം ► ചെല്ലാനത്ത് വീണ്ടും കടലേറ്റം. ഏതാനും മാസങ്ങൾക്കുമുമ്പ് ഓഖി ദുരന്തത്തിനിരയായ മേഖലകളിലാണ് ശനിയാഴ്ച വൈകീട്ട് വീണ്ടും കടൽ കയറിയത്. വേളാങ്കണ്ണി, ബസാർ, മറുവക്കാട് മേഖലകളിൽ തകർന്നുകിടക്കുന്ന ഭിത്തി കടന്ന് കടൽ വെള്ളം ഇരച്ചെത്തി. വീടുകളിലേക്കും വെള്ളംകയറി. നിരവധി വീടുകൾ വെള്ളത്തിലായി. രണ്ടാഴ്ച മുമ്പ് വലിയ രീതിയിൽ ഈ ഭാഗത്ത് വെള്ളം കയറിയിരുന്നു.